ഡിസൈനർ

വീടുനിർമ്മാണത്തിന്
ഒരു സമ്പൂർണ്ണ വഴികാട്ടി

# വീടും പ്ലാനും

A COMPLETE MAGAZINE
RESIDENTIAL ARCHITECT

2018 July-Au
Vol. 3 | Is
Price ₹ 100/- | AED 30 | U



വ്യൂ പോയിന്റ്

**ബഡ്ജറ്റുണ്ടെങ്കിലും ആർഭാടമരുത്**

ആർക്കിടെക്റ്റ് ഷബാന നുഫേൽ

20 സ്വപ്ന

■ ടീം വീടും പ്ലാനും

# ജ്യോതിർഗമയ

വീട്ടിനകത്തെ ഇരുട്ടുനിറഞ്ഞ അന്തരീക്ഷം വെളിച്ചം നിറഞ്ഞതാക്കിയതാണ് പ്രോജക്റ്റിന്റെ മേന്മ

വളരെ കുറഞ്ഞ ഡിസൈൻ മാറ്റത്തിലൂടെ വീടിനു മൊത്തം പുതുമ കൊണ്ടു വന്നതെങ്ങനെയെന്ന് തെളിയിക്കുന്നതാണ് തൃശ്ശൂരിൽ വാടാനപ്പള്ളിയിലുള്ള, ദിനേശിന്റെയും കുടുംബത്തിന്റെയും വീട്. മുഖപ്പുകളിൽ കൊണ്ടു വന്ന ചെറിയ വ്യത്യാസങ്ങൾ ഈ വീടിന് ശ്രദ്ധേയമായ എടുപ്പ് കൊണ്ടു



വന്നിരിക്കുന്നു. ഒപ്പം ഇരുട്ടു നിറഞ്ഞ പഴയ അന്തരീക്ഷത്തെ വെളിച്ചത്തിലേക്ക് പരിവർത്തനപ്പെടുത്തി വീട്ടകത്തിന്റെ ഭാവം തന്നെ മാറ്റിയിരിക്കുന്നു. ആർക്കിടെക്റ്റുമാരായ അനൂപ് ചന്ദ്രനും , മനീഷ അനൂപുമാണ് (അമാക്, തൃശ്ശൂർ) ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്കുള്ള ഈ മാറ്റത്തിന് പിന്നിൽ പ്രവർത്തിച്ചവർ. 24 സെന്റ് സ്ഥലത്ത് 2800 സക്വയർഫീറ്റിലാണ് ഇപ്പോൾ ഈ വീട്.



## നാട്ടിൻ പുറത്തിനുചേരും

തറവാട് പോലെ കരുതിയിരുന്ന , 20 വർഷം പഴക്കമുള്ള വീടിന്റെ ബാഹ്യരൂപം അടിമുടി മാറ്റുന്നതിനോട് വീട്ടുകാർക്ക് താത്പര്യം ഉണ്ടായിരുന്നില്ല. അതുകൊണ്ട് എക്സ്റ്റീരിയറിൽ മിനിമൽ മാറ്റങ്ങൾ മാത്രമേ വരുത്തിയിട്ടുള്ളു. മേൽക്കൂരകളിലെ ഓടുകൾ മാറ്റി പകരം ഷിംഗിൾസിട്ടു. ഡിസൈൻ എലമെന്റായി സി. എൻ. സി പാറ്റേൺ വർക്കുകൾ ചെയ്തു. തെങ്ങും, കവുങ്ങും, പ്ലാവും, വാഴയും നിറയുന്ന ഗൃഹാതുരത ഉണരുന്ന തൊടിയുടെ നടുവിൽ ലാളിത്യവും, ശാന്തതയും പകരുന്ന നിറവിന്യാസത്തിൽ ആണ് ഈ വീട് ഒരുക്കിയത്. രണ്ടു നില ആണെങ്കിലും മൂന്നു ലെവലിന്റെ എടുപ്പ് ഈ വീടിന്റെ പുറംകാഴ്ചയിൽ തോന്നും. ഉയർന്നുയർന്ന് പോകുന്ന മൂന്നു തട്ടുകളായി മുഖപ്പ് സ്ഥാനപ്പെടുത്തിയിരിക്കുന്നു. ട്രഡീഷണൽ കേരള ശൈലി ചെരിഞ്ഞ മേൽക്കൂരകളുടെ ആകൃതിയിൽ പാലിച്ചെങ്കിലും കന്റംപ്രറി ശൈലിയാണ് അകത്ത് കൂടുതലും തുടർന്നത്. സ്വാഭാവികത നിറയുന്നൊരു ലാൻഡ്സ്കേപ്പ് നമുക്കിവിടെ കാണാം. ഹെലികോണിയ പൂച്ചെടികൾ ഒഴിച്ച് നിർത്തിയാൽ, തനിനാടൻ ചെടികളും മരങ്ങളും ആണ് വീടിനു ചുറ്റും ഉള്ളത്. സ്വാഭാവിക പുൽത്തകിടി ഇടകലർത്തി, ബാംഗ്ലൂർ സ്റ്റോൺ പാകിയ മുറ്റത്ത് മഴവെള്ളം നന്നായി ഇറങ്ങും.

## ആകെമാറി അകത്തളം

എക്സ്റ്റീരിയറിലേത് ചെറിയ മാറ്റം ആണെങ്കിലും, ഇന്റീരിയറിൽ കാര്യമായ പരിവർത്തനം തന്നെ വരുത്തിയിരിക്കുന്നു. പഴയ വീട്ടിലെ പ്രധാന പ്രശ്നം വെളിച്ചക്കുറവായിരുന്നു. ഇത് പരിഹരിക്കുകയായിരുന്നു ആർക്കിടെക്റ്റുകളുടെ മുഖ്യ ഉദ്യമം. ഫ്ളോറിങ്ങിൽ ഉൾപ്പെടെ ഉണ്ടായിരുന്ന ഇരുണ്ട നിറമുള്ള മെറ്റീരിയലുകൾ പൂർണ്ണമായി നീക്കി. പകരം വെൺമയുള്ളതും തെളിഞ്ഞതുമായ മെറ്റീരിയലുകൾക്ക് സ്ഥാനം നൽകി. ഗ്രൗണ്ട് ഫ്ളോറിലെ മൂന്ന് ബെഡ്റൂമുകളിൽ ഒന്ന് ഉപയോഗിച്ച്, കിച്ചൻ വിശാലമാക്കുകയും, അധികമായി വർക്ക് ഏരിയ കൂട്ടിചേർക്കുകയും ചെയ്തു. കോമൺ ബാത്ത്റൂമുകൾ മാത്രം ഉണ്ടായിരുന്ന സ്ഥാനത്ത് എല്ലാ ബെഡ്റൂമുകൾക്കും അറ്റാച്ച്ഡ് ടോയ്‌ലറ്റുകൾ പണിതു. കൂട്ടിചേർക്കലുകളെക്കാൾ സ്പേസുകളുടെ പുനഃക്രമീകരണം ആണ് ഇവിടെ കൂടുതലുള്ളത്. സിറ്റൗട്ട്, ഫോർമൽ- അപ്പർ ലിവിങ്ങുകൾ, അറ്റാച്ച്ഡ് ആയ



**എക്സ്റ്റീരിയറിൽ കുറഞ്ഞ മാറ്റങ്ങൾ മാത്രമാണ് വരുത്തിയത്. ഇന്റീരിയറിൽ കാര്യമായ പരിവർത്തനം തന്നെ കൊണ്ടുവന്നു**

ആർക്കിടെക്റ്റ് അനൂപ് ചന്ദ്രൻ
ആർക്കിടെക്റ്റ് മനീഷ അനൂപ്

റെനവേഷനു മുമ്പ്








നാല് ബെഡ്റൂമുകൾ, ഓപ്പൺ രീതിയിലുള്ള ഡൈനിങ് ഏരിയ, കിച്ചൻ, വർക്ക് ഏരിയ, ബാൽക്കണി എന്നിവയാണ് ഈ വീട്ടിലെ ഇടങ്ങൾ. ഇന്റീരിയറിൽ ഇളം നിറങ്ങൾക്കാണ് മേധാവിത്വം എങ്കിലും വൈരുദ്ധ്യ വർണ്ണമായി ഡാർക്ക് ചോക്ലേറ്റ് നിറങ്ങൾ ഇടക്കിടെ കടന്നു വരുന്നുണ്ട്. മുഖപ്പിലെ ഷിംഗിൾസുകളും ഡാർക്ക് ചോക്ലേറ്റ് നിറത്തിൽ ഉള്ളതാണ്. കന്റംപ്രറി രീതിയിലുള്ള സ്ട്രെയിറ്റ് ലൈൻ ഡിസൈൻ രീതിയാണ് അകത്തളത്തിൽ സ്വീകരിച്ചത്. എല്ലാ


ഡൈനിങ് ഏരിയ

അപ്പർ ലിവിങ്

വിശാലമായ ലിവിങ് സ്പേസ്




ഗ്രൗണ്ട് ഫ്ളോർ പ്ലാൻ





ഫസ്റ്റ് ഫ്ളോർ പ്ലാൻ



**PROJECT DETAILS**

| | |
|---|---|
| Architect / Interior Designer | Architect Anoop Chandran<br>Ph: +91 9995000222<br>Architect Manisha Anoop<br>Ph: +91 8086660007<br>Amac Architects-Interiors-Vasthu Consultants, 1st Floor Anand Complex - Triprayar - Thrissur |
| Owner | Dinesh kumar K K |
| Location | Vadanappally, Trissur |
| Year of Completion | 2016 |
| Site Area | 24 cent |
| Built Area | 2800 Sq.Ft. |
| Project Contractor | Raju, Ph: 9947030072 |
| Interior Contractor | Dolphin woods. Ph: 0487- 2211961 |
| Landscaping consultant/ Landscaping Contractor | Green plant<br>Ph: 9495516295 |
| Staircase/Railing | Josco, 9544322551 |









ത്രീഡി വാൾപേപ്പറുകൾ ആണ് ബെഡ്റൂമുകളിലെ ഹൈലൈറ്റ്

സ്പെയ്സിലെയും ഒരു വശത്തെ ചുമർ പ്രത്യകം ഹൈലൈറ്റ് ചെയ്താണ് ഇന്റീരിയറിൽ തുടർച്ച വരുത്തിയിരിക്കുന്നത്. ഒപ്പം വുഡൻ പാറ്റേണിലുള്ള ബ്ലൈൻഡ്സ് കൊണ്ട് എല്ലാ ജനലുകൾക്കും മറ തീർത്തതും ഡിസൈൻ തുടർച്ച വരുത്തുന്നു. ഡാർക്ക് നിറത്തിലുള്ള 3 ഡി വാൾപേപ്പറുകൾ ആണ് ബെഡ്റൂമുകളിലെ ഹൈലൈറ്റുകൾ. വെൺമയുള്ള വിട്രിഫൈഡ് ടൈൽ കൊണ്ട് പൊതു ഇടങ്ങൾ ഫ്ളോറിങ് ചെയ്തു. കിച്ചന്റെ ഫ്ളോറിങ്ങിന് മാത്രം മാറ്റ് ഫിനിഷ് ഉള്ള വിട്രിഫൈഡ് ടൈൽ ഉപയോഗിച്ചു. എല്ലാ ഫർണിച്ചറും കസ്റ്റമൈസ്ഡ് ആണ്. തേക്കും പിൻകോഡ മരവും ആണ് തടിപ്പണികൾക്ക് ഉപയോഗിച്ചത്. കിച്ചനിലെ കബോഡുകൾ ഉൾപ്പെടെ വാഡ്രോബുകളെല്ലാം മറൈൻ പ്ലൈവുഡ് ലാമിനേറ്റ് ചെയ്താണ് ഒരുക്കിയത്. ലളിതമായ ചില മാറ്റങ്ങൾ കൊണ്ട് ഒരു വീടിനെ എങ്ങനെ പോസിറ്റീവ് അന്തരീക്ഷത്തിലേക്ക് നയിക്കാമെന്ന് വ്യക്തമാക്കുന്നു ഈ വീട്. ●

ഫോട്ടോഗ്രാഫി: പ്രതീഷ്, നാട്ടിക



ദിനേശും കുടുംബവും



മോഡുലാർ കിച്ചനിൽ പ്ലൈവുഡ് ലാമിനേറ്റഡ് വാഡ്രോബുകളാണ് ചെയ്തത്